തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 1933/എ2/2022/പർച്ചെയ്സ്. 03.02.2023

## ടെണ്ടർ നോട്ടീസ്

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - കാർ പാർക്കിംഗ് ഏരിയയുടെ അറ്റകുറ്റപ്പണികളും, മുറ്റത്ത് ഇന്റർലോക്ക് വിരിക്കലും - ബന്ധപ്പെട്ട പ്രവർത്തികൾ ഏറ്റെടുത്തു ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല കാമ്പസിലെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ തെക്കു വശത്തുള്ള കാർ പാർക്കിംഗ് ഏരിയയുടെ അറ്റകുറ്റപ്പണികളും, മുറ്റത്ത് ഇന്റർലോക്ക് വിരിക്കലുമായി ബന്ധപ്പെട്ട പ്രവർത്തികൾ ചെയ്യുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു.

**വിശദാംശങ്ങൾ:**

സർവകലാശാല കാമ്പസിലെ കാർ പാർക്കിംഗ് ഏരിയ, വാഹനങ്ങൾ സുഗമമായി കയറ്റുന്നതിനും പാർക്ക് ചെയ്യുന്നതിനും സാധിക്കാത്തവിധം പൊട്ടിപ്പൊളിഞ്ഞതു കാരണം, മുറ്റത്തെ മണ്ണ് നീങ്ങിപ്പോയതിനാൽ മണ്ണ് നീങ്ങിപ്പോയ ഭാഗം മണ്ണിട്ട് ലെവൽ ചെയ്ത്, അതിനു മുകളിലായി പ്രീ-കാസ്റ്റ് കോൺക്രീറ്റ് ഇന്റർലോക്ക് ടൈലുകൾ (M25 മിശ്രിതം, 50MM കനം) പതിക്കേണ്ടതും, ഇരു ഭാഗത്തും 10CM കനത്തിലുള്ള M15 കോൺക്രീറ്റ് ചെയ്യേണ്ടതുമാണ്.

സർവകലാശാലയുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായി വിലയുടെ 1% (1500/- രൂപയിൽ കുറയാത്ത സംഖ്യ) തുക നിരതദ്രവ്യമായി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ **21.02.2023 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"കാർ പാർക്കിംഗ് ഏരിയയുടെ അറ്റകുറ്റപ്പണികൾ, മുറ്റത്ത് ഇന്റർലോക്ക് വിരിക്കൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ടെണ്ടർ"** എന്ന് കവറിന് പുറത്ത് രേഖപ്പെടുത്തിയിരിക്കണം.

ടെണ്ടറുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറവ് സംഖ്യ ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ടെണ്ടറുകൾ അംഗീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

കരാർ ലഭിക്കുകയാണെങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം പ്രസ്തുത പ്രവർത്തികൾ ആരംഭിക്കേണ്ടതും, ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

ഡോ. റെജിമോൻ പി.എം.
രജിസ്ട്രാർ ഇൻ ചാർജ്

യൂണിവേഴ്സിറ്റി എഞ്ചിനീയർ/വി.സി. കാര്യാലയം/
മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/
മലയാളസർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ്/എഫ്.എ.ഒ./എ.എ.ഒ./
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ